# നോമ്പുക്കാലം

## വചന വിചിന്തനം

### അഞ്ചാം ഞായർ

യോഹ 8,12-20

***"കരിക്കട്ട കനലിനോട് ചേർന്നിരുന്ന് കനലാക്കിമാറ്റപ്പെടുന്നതു പോലെ, പ്രകാശമായ ക്രിസ്തുവിനോട് ചേർന്നിരുന്നാലെ ജീവിതം കനലാക്കി മാറ്റപ്പെടു!"***

"ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു! എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8,12). ക്രിസ്തു നടത്തിയിട്ടുള്ള പ്രസ്താവനകളിൽ വച്ച് ഏറ്റവും ശക്തമായ പ്രസ്താവനകളിൽ ഒന്നാണ് ഇത്. ഞാൻ പ്രകാശത്തിലാണെന്നോ, ഞാൻ പ്രകാശം തരാമെന്നോ, ഞാൻ പ്രകാശത്തെ തേടുന്നുവെന്നോ ഒന്നുമല്ല ക്രിസ്തു പറയുന്നത്. മറിച്ച്, ഞാനാണ് ഈ ലോകത്തിന്റെ പ്രകാശം. എന്റെ വക്കു കേട്ട് എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല. അവന് ഞാൻ നിത്യജീവൻ സമ്മാനിക്കും. ചുരുക്കത്തിൽ, പ്രകാശത്തിന്റെ മക്കളെപ്പോലെ ജീവിക്കാനുള്ള സൂത്രവാക്യമാണ് ക്രിസ്തു സമ്മാനിക്കുന്നത്, "ക്രിസ്തുവിന്റെ വചനം കേൾക്കുക, അവനെ അനുഗമിക്കുക!"

*"ഇരുട്ട്" എന്നത് പ്രകാശത്തിന്റെ ഇല്ലായ്മയാണ്...*

*"സാത്താൻ" എന്നത് ദൈവത്തിന്റെ ഇല്ലായ്മയാണ്...*

ക്ലാസിലെ ഏറ്റവും മടിയനും കുസൃതിക്കാരനുമായിരുന്നു കുഞ്ഞുതോമ. ഒരു നേരംപോലും വെറുതെ ഇരിക്കാൻ അവന് അറിയില്ല. എല്ലായിപ്പോഴും അരെങ്കിലുമൊക്കെയായി തല്ലു പിടിച്ചുകൊണ്ടിരിക്കും. അവന്റെ കുസൃതി കാരണം അദ്ധ്യാപകരെല്ലാം പൊറുതി മുട്ടി. ഒരു ദിവസം കൊച്ചുതോമ വീട്ടിൽ നിന്ന് സ്ക്കൂളിലേയ്ക്ക് വഴിവക്കിലെ മാവിന് കല്ലെറിഞ്ഞുകൊണ്ട് വരുമ്പോഴാണ് "രക്ഷിക്കണേ... രക്ഷിക്കണെ..." എന്നുള്ള നിലവിളി കേട്ടത്. കൊച്ചുതോമ അപ്പുറവും ഇപ്പുറവും നോക്കി. അടുത്തുള്ള കുളത്തിൽ നിന്നാണ് നിലവിളി. അവൻ അടുത്തു ചെന്നു നോക്കിയപ്പോൾ കാര്യം മനസിലായി. സ്ക്കൂളിലെ പ്രധാന അദ്ധ്യാപകനാണ് "രക്ഷിക്കണേ... രക്ഷിക്കണെ..." എന്നു പറഞ്ഞ് നിലവിളിക്കുന്നത്. കുളത്തിന്റെ കരയിൽ നിന്ന് കാലു കഴുകുകയായിരുന്ന അദ്ധ്യാപകൻ അറിയാതെ പെട്ടന്ന് കുളത്തിലേയ്ക്ക് വീണതാണ്. ഇതു കണ്ട കൊച്ചുതോമ നിലവിളിച്ചുകൊണ്ട് സ്ക്കൂളിലേയ്ക്ക് ഓടി. പക്ഷെ, അവൻ നിലവിളിച്ചുകൊണ്ട് ഓടിയത് പ്രധാനദ്ധ്യാപകനെ രക്ഷിക്കണേ എന്നല്ല, മറിച്ച്, "രക്ഷപ്പെട്ടു... നാളെ ക്ലാസില്ല..." എന്നു പറഞ്ഞുകൊണ്ടാണ്.

പ്രകാശമുള്ളവർക്കേ പ്രകാശത്തിന്റെ മക്കളെപ്പോലെ വ്യാപരിക്കാൻ സാധിക്കു. പ്രകാശമുണ്ടായിട്ടും പ്രകാശത്തെക്കാൾ അധികം അന്ധകാരത്തെ സ്നേഹിക്കുന്ന വ്യക്തിക്ക് പ്രകാശത്തിന്റെ മക്കളെപ്പോലെ വ്യാപരിക്കുവാൻ സാധിക്കുകയില്ല. ക്രിസ്തുവിന്റെ ജനനത്തെകുറിച്ച് ഏശയ്യാ പ്രവാചകൻ കുറിക്കുന്നത് ഇപ്രകാരമാണ്, "അന്ധകാരത്തിൽ കഴിഞ്ഞജനം മഹത്തായ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്തു വസിച്ചുരുന്നവരുടെമേൽ പ്രകാശം ഉദിച്ചു" (ഏശയ്യ 9,2). അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനത്തിനുമേലാണ് ക്രിസ്തു തന്റെ പ്രകാശം സമ്മാനിച്ചത്. "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു! എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8,12) എന്നു ക്രിസ്തു പറയുമ്പോൾ ഏശയ്യ പ്രവാചകന്റെ പ്രവചനങ്ങൾ ക്രിസ്തു പൂർത്തികരിക്കുകയാണ്. ഈ പ്രവചനങ്ങളെ ഹൃദയത്തോട് ചേർത്തുവയ്ക്കാൻ കഴിയുന്നുണ്ടെങ്കിൽ സങ്കീർത്തകനോട് ചേർന്ന് നമ്മുക്കും പറയാൻ സാധിക്കും, "ദൈവത്തിന്റെ വചനം എന്റെ പാദങ്ങൾക്ക് വിളക്കും എന്റെ പാതയിൽ പ്രകാശവുമാണെന്ന്."

ഈശോ ജറുസലേം ദേവാലയത്തിലെ കൂടാരതിരുനാളിലാണ് "ഞാൻ ലോക

ത്തിന്റെ പ്രകാശമാകുന്നു! എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും" എന്നുള്ള പ്രസ്താവന നടത്തുന്നത്. ജറുസലേം ദേവാലയത്തിലെ കൂടരതിരുനാൾ ഏറെ സവിശേഷതകൾ നിറഞ്ഞ ഒന്നാണ്. കാരണം, കൂടാരതിരുനാളിന്റെ പ്രധാന ആകർഷണം വിളക്കുകളും പ്രകാശവുമായിരുന്നു. വിളക്കുകാലുകളാൽ ജറുസലേം പ്രകാശപൂരിതമായിരിക്കും. ദീപാലങ്കാരത്താൽ ജറുസലേം ദേവാലയവും വഴികളും പരിസരങ്ങളും വർണ്ണാഭമായിരിക്കും. ജറുസലേം ദേവാലയത്തിൽ തിരുനാളിലെത്തുന്നവരെല്ലാം കൈകളിൽ കത്തിച്ച ദീപങ്ങളുമായി സ്ത്രീകൾക്കായുള്ള അങ്കണത്തിലെ നാലു മഹാദീപസ്തംഭങ്ങൾക്കുചുറ്റും നൃത്തം ചവിട്ടുമായിരുന്നു. ചുരുക്കത്തിൽ, യഹൂദരുടെ 'ദീപാവലി' ഏതെന്നെന്നു ചോദിച്ചാൽ, ഒരു തർക്കവുമില്ലാതെ പറയാം, അത് കൂടാരതിരുനാളായിരുന്നു. ഇങ്ങനെയുള്ള പ്രകാശത്തിന്റെ ഉത്സവത്തിന്റെ നടുവിലാണ് ക്രിസ്തു പ്രസതാവിക്കുന്നത്, "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു! എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8,12). ക്രിസ്തു പറഞ്ഞ് വയ്ക്കുകയാണ്, "എന്റെ മക്കളെ, നിങ്ങളീകാണുന്ന പ്രകാശമുണ്ടല്ലോ അത് ഇന്നല്ലെങ്കിൽ നാളെ അസ്തമിക്കും. എന്നാൽ, ഞാനാണ് നിത്യപ്രകാശം. എന്നെ അനുഗമിക്കുന്ന ആരും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശം ഞാൻ നൽകുമെന്ന്."

*സൂര്യൻ സ്വയം പ്രകാശിക്കുന്നു. ചന്ദ്രന്റെ പ്രകാശം സൂര്യപ്രകാശത്തിന്റെ പ്രതിഫലനമാണ്. എങ്കിൽ, മനുഷ്യൻ ദൈവീകപ്രകാശത്തെ പ്രതിഫലിപ്പിക്കേണ്ടവനാണ്!*

ആർഷഭാരത സംസ്ക്കാരത്തിൽ ഏറ്റവും അധികം പ്രാവശ്യം ജപിച്ചിട്ടുള്ള ശ്ലോകങ്ങളിലൊന്ന് ഇപ്രകാരമാണ്,

"അസതോമ സത്ഗമയഃ
തമസോമ ജ്യോതിർ ഗമയഃ
മൃത്യോമ അമൃതം ഗമയഃ
ഓം ശാന്തി...ശാന്തി...ശാന്തി..."

അസത്യത്തിൽ നിന്ന് സത്യത്തിലേയ്ക്കും, അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേയ്ക്കും, മരണത്തിൽ നിന്നും മരണമില്ലായ്മയിലേയ്ക്കും ഞങ്ങളെ നയിക്കണമേ. അതുവഴിയായ് ഞങ്ങളിലേയ്ക്കും സമൂഹത്തിലേയ്ക്കും നിന്റെ ശാന്തി സമ്മാനിക്കണമേ എന്ന്. ക്രിസ്തു ഈ ഭൂമിയിലേയ്ക്ക് വന്നത് മനുഷ്യമക്കളെ അസത്യത്തിൽ നിന്ന് സത്യത്തിലേയ്ക്കും, അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേയ്ക്കും, മരണത്തിൽ നിന്നും മരണമില്ലായ്മയിലേയ്ക്കും നയിക്കുന്നതിനുവേണ്ടിയാണ്. എന്നിട്ടും, മനുഷ്യൻ പ്രകാശത്തേക്കാൾ അധികം അന്ധകാരത്തെ സ്നേഹിച്ചതുകൊണ്ട് ക്രിസ്തുവിനെ ക്രൂശിക്കാനും ബറാബാസിലെ മോചിക്കാനും കൽപ്പന പുറപ്പെടുവിച്ചു. ഇത് അന്ധകാരത്തിന്റെ പ്രവൃത്തിയാണ്.

"രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ, നമുക്ക് അന്ധകാരത്തിന്റെ പ്രവർത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. പകലിന് യോജിച്ച വിധം പെരുമാറാം..." (റോമ 13,12-13) വി. അഗസ്തിനോസിനെ മാനസാന്തരപ്പെടുത്തിയ പ്രകാശത്തിന്റെ വചനങ്ങളാണിത്. നീണ്ട മുപ്പത്തിമൂന്ന് വർഷം ദൈവത്തെയും ദൈവജനത്തേയും മറന്ന് ജീവിച്ച അഗസതിനോസിന്റെ ജീവിത്തിൽ വലിയ പരിവർത്തനമുണ്ടാക്കിയ വചനം. എപ്രകാരമാണ് വി. അഗസ്തിനോസിന്റെ ജീവിത്തിൽ ഈ വചനങ്ങൾ വലിയ പരിവർത്തനമുണ്ടാക്കിയത്. അവൻ പരിചിന്തനം ചെയ്യാൻ തുടങ്ങി, "ഞാൻ പ്രകാശത്തിന്റെ മകനെ പോലെയാണോ ജീവിക്കുന്നത്? പ്രകാശത്തിന് യോജിച്ച വിധത്തിലാണോ ഞാൻ ജീവിക്കുന്നത്?" നമ്മൾ കർത്താവിന്റെ ശിഷ്യരാണോ എന്ന് തിരിച്ചറിയാനുള്ള അടയാളവും ഇത് തന്നെയാണ്. അന്ധകാരത്തിൽ വസിക്കുന്നവർ ക്രിസ്ത്യാനികളെന്നോ ക്രിസ്തു ശിഷ്യരെന്നോ വിളിക്കപ്പെടാൻ യോജിച്ചവരല്ല. ഇതിനോട് ചേർത്ത് വായിക്കേണ്ട വചനഭാഗം സമ്മാനിക്കുന്നത് വി. യോഹന്നാൻശ്ലീഹയാണ്, "ദൈവത്തോട് കൂട്ടായ്മയുണ്ടെന്ന് പറയുകയും അതേസമയം അന്ധകാരത്തിൽ നടക്കുകയും ചെയ്താൽ നാം വ്യാജ്യം പറയുന്നവരാകും; സത്യം പ്രവർത്തിക്കുന്നുമില്ല. അവി

ടുന്ന് പ്രകാശത്തിലായിരിക്കുന്നതുപോലെ നമ്മളും പ്രകാശത്തിൽ സഞ്ചരിക്കുന്നുവെങ്കിൽ നമുക്ക് പരസ്പരം കൂട്ടായ്മയുണ്ടാകും!" (1യോഹ 11,6-7).

കരിക്കട്ട കനലിൽ നിന്ന് പ്രകാശം സ്വന്തമാക്കുന്നതുപോലെ ക്രിസ്തുവാകുന്ന നിത്യപ്രകാശത്തോട്, കനലിനോട് ചേർന്ന് നിന്ന് അവനിൽ നിന്ന് പ്രകാശം സ്വന്തമാക്കാൻ സാധിക്കണം. പലപ്പോഴും, തമ്പുരാന്റെ പ്രകാശം ജീവിതത്തിലില്ലാത്തതുകൊണ്ടാണ് അന്ധകാരനിബിഢമായി ജീവിതം മുന്നേറുന്നത്. പ്രകാശമില്ലാത്ത അവസ്തയെ "രൂപരഹിതവും ശൂന്യവുമായ" അവസ്ഥയെന്നാണ് ഉത്പത്തി ഗ്രന്ഥം വിശേഷിപ്പിക്കുന്നത് (ഉൽപ 1,2). നമ്മുടെ ജീവിതത്തിനാവശ്യമായ അർത്ഥവും വ്യാപ്തിയും നൽകുന്നത് കർത്താവാണ്. അവനാണ് നമ്മുടെ ജീവിതത്തിന്റെ നിത്യപ്രകാശം. അവൻ ഇല്ലാത്ത അവസ്ഥ "രൂപരഹിതവും ശൂന്യവുമായ" ഒന്നാണ്.

സസ്യങ്ങൾ സൂര്യനിൽ നിന്ന് പ്രകാശം സ്വീകരിച്ച് ഓക്സിജനെ പുറംന്തളളി കാർബണ്ടയോക്സൈഡ് വഴിയായ് ആഹാരം സ്വന്തമാക്കുന്നതുപോലെ മനുഷ്യൻ നിത്യപ്രകാശമായ ക്രിസ്തുവിൽ നിന്ന് അനുദിന ജീവിതത്തിനാവശ്യമായ ആഹാരം സ്വന്തമാക്കാൻ എന്ന് ആരംഭിക്കുന്നുവോ അന്ന് അവൻ ക്രിസ്തുപറയുന്നതുപോലെ "പ്രകാശത്തിന്റെ മക്കളെപ്പോലെ" ജീവിക്കാൻ ആരംഭിക്കുന്നു.

*ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു എന്നു പറഞ്ഞവൻ തന്റെ വാക്കുകളോട് നൂറ് ശതമാനം വിസ്വസ്ഥത പുലർത്തി. വിജയിക്കുക എന്നതല്ല, മറിച്ച്, വിശ്വസ്ഥരാവരുക എന്നതാണ് കർത്താവിന് പ്രീതികരം!*

ഗുരുകുലസമ്പ്രദായത്തിൽ ഗുരുവും രണ്ട് ശിഷ്യൻമാരും. രണ്ട് ശിഷ്യൻമാരും പഠനത്തിനും പ്രയത്നത്തിനും ഗുരുഭക്തിയിലും മികച്ച് നിന്നിരുന്നു. അതുകൊണ്ട് തന്നെ രണ്ട്പേരെയും ഗുരുവിന് ഏറെ ഇഷ്ടമായിരുന്നു. വർഷങ്ങൾ നീണ്ട ഗുരുവിനോട് കൂടെയുളള അവരുടെ ജീവിതത്തിൽ ഏറെ മാറ്റങ്ങൾ വരുത്തി. രണ്ട് പേരുടെയും ശിക്ഷണമൊക്കെ കഴിഞ്ഞു. അവർ തങ്ങളുടെ ഗുരുവിനെ കണ്ട് യാത്ര പറയാൻ ചെന്നപ്പോൾ ഗുരു പറഞ്ഞു,

"നിങ്ങളുടെ പഠനമെല്ലാം കഴിഞ്ഞു. എങ്കിലും, നിങ്ങൾ എന്തുമാത്രം പഠിച്ചുവെന്ന് അറിയാൻ എനിക്ക് താത്പര്യമുണ്ട്. അതുകൊണ്ട് നിങ്ങൾക്കുവേണ്ടി ഒരു പരീക്ഷ നടത്താൻ ഞാൻ പോവുകയാണ്. പരീക്ഷ വളരെ എളുപ്പമുളളതാണ്. ഞാൻ ഒരു രൂപയും ഒരു വലിയ മുറിയും നിങ്ങൾക്കു തരും. വൈകുന്നേരമാകുന്നതിനുമുമ്പ് ആ മുറി നിങ്ങൾ എന്തെങ്കിലുമൊക്കെ വാങ്ങി നിറച്ചിരിക്കണം."

രണ്ടു പേരും മിഴിച്ചു നിന്നുപോയ്. ഒരു രൂപകൊണ്ട് ഇത്രയും വലിയ മുറി എന്തുവാങ്ങിയാലാണ് നിറയുക. എങ്കിലും പരീക്ഷയാണ്... വിജയിക്കണം. രണ്ടുപേരും ഇറങ്ങിതിരിച്ചു. ഒരുവൻ പോകുന്നവഴിയിൽ കണ്ട ചപ്പുചവറുകളെല്ലാം വലിയ ഭാണ്ഢങ്ങളായി നിറച്ച് ഒരു രൂപ കൂലി കൊടുത്ത് മുറിയിൽ നിറച്ചു. അപരനാകട്ടെ, തനിക്കു കിട്ടിയ ഒരു രൂപകൊണ്ട് ഒരു മെഴുകുതിരിയും ഒരു തീപ്പട്ടിയും വാങ്ങി സ്വമുറിയിൽ വന്നിരിന്നു. വൈകുന്നേരമായപ്പോൾ ഗുരു ഒന്നാമന്റെ മുറിയിൽ വന്നു. അവിടെ ചപ്പുചവറുകളാൽ മുറി നിറഞ്ഞിരുന്നെങ്കിലും ദുർഗന്ധത്താൽ അവിടേയ്ക്ക് ഗുരുവിന് പ്രവേശിക്കാൻ സാധിച്ചില്ല. രണ്ടാമന്റെ മുറിയിലേയ്ക്ക് ഗുരുവന്നപ്പോൾ, അവൻ താൻ കരുതിയിരുന്ന മെഴുകുതിരി കത്തിച്ച് മുറിയുടെ നടുവിൽ വച്ചു. അതിന്റെ പ്രകാശത്താൽ മുറി മുഴുവനും നിറയുകയാണ്.

ഗുരു രണ്ടാമനെ അനുഗ്രഹിച്ചുകൊണ്ട് യാത്രയാകയാണ്, "ജ്ഞാനം പ്രകാശം നിറയ്ക്കാനുളളതാണ്. ഉളളിൽ പ്രകാശമുണ്ടെങ്കിലെ ആ പ്രകാശം പങ്കുവയ്ക്കാൻ സാധിക്കു."

***"കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്. ഞാൻ ആരെ ഭയപ്പെടണം?***
***കർത്താവ് എന്റെ ജീവിത്തിന് കോട്ടയാണ്, ഞാൻ ആരെ പേടിക്കണം?"***

**സങ്കീ 27,1**

ഫാ. ജോബി മേനോത്ത് : +91 944 7777 931